# <u>നഗരകാര്യ ഡയറക്ടറുടെ ഉത്തരവ് നടപടികൾ</u>

കേരള മുനിസിപ്പൽ കോമൺ സർവ്വീസ് – ജീവനക്കാര്യം – ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിലെ ഉദ്യോഗക്കയറ്റവും നിയമനവും – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

E6-8338/06 തിരുവനന്തപുരം, തീയതി 15/05/07.

---

പരാമർശം : (1) 04/04/2007 ലെ (എം.എസ്).105/2007/തസ്വഭവ നം. സർക്കാർ ഉത്തരവ്.
(2) നഗരകാര്യ ഡയറക്ടറുടെ 04/05/2007 ലെ ഇ6–8338/07–ാം നമ്പർ കരട് സ്ഥലംമാറ്റ ഉത്തരവ്.

## <u>ഉത്തരവ്</u>

കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റ നിയമനങ്ങൾക്ക് ബാധകമാക്കേണ്ട മാനദണ്ഡങ്ങൾ ഒന്നാം പരാമർശം മുഖേന സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങളനുസരിച്ച്, കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ മിനിസ്റ്റീരിയൽ വിഭാഗത്തിലെ ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിലെ ജീവനക്കാരുടെ 2007–ലെ പൊതു സ്ഥലം മാറ്റത്തിനായി രണ്ടാം പരാമർശം മുഖേന തയ്യാറാക്കിയ താൽക്കാലിക കരട് ലിസ്റ്റ്, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിലും, എല്ലാ നഗരസഭാ ഓഫീസുകളിലും, നഗരകാര്യ ഡയറക്ടറേറ്റിലും 04–05–2007 ന് പ്രസിദ്ധീകരിക്കുകയുണ്ടായി. ടി കരട് ലിസ്റ്റിൻമേൽ പരാതികൾ സമർപ്പിക്കുവാൻ ബന്ധപ്പെട്ടവർക്ക് 11–05–07 വരെ സമയം അനുവദിക്കുകയും ഉണ്ടായി.

അതനുസരിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല.

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ പി.എ ടു സെക്രട്ടറി / കൗൺസിൽ സെക്രട്ടറി / റവന്യൂ ആഫീസർ / അക്കൗണ്ട്സ് ആഫീസർ തസ്തികയിൽ തിരുവല്ല നഗരസഭയിൽ ജോലി നോക്കി വരുന്ന ശ്രീ.വി.കെ.അശോക് കുമാറിനെ 13610 – 20700 രൂപ ശമ്പളതോതിൽ 1958 ലെ കെ.എസ് & എസ്.എസ്.ആർ.റൂൾ 31(എ)(1) ലെ വ്യവസ്ഥകൾക്ക് വിധേയമായി തിരുവനന്തപുരം നഗരസഭയിൽ ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു.

ഈ ഉദ്യോഗക്കയറ്റം തികച്ചും താൽക്കാലികവും പുനഃ പരിശോധനയ്ക്ക് വിധേയവുമായിരിക്കും.

(ഒപ്പ്)
**എ.ഷാജഹാൻ.ഐ.എ.എസ്**
**നഗരകാര്യ ഡയറക്ടർ**

ശ്രീ.വി.കെ.അശോക് കുമാർ
(സെക്രട്ടറി മുഖേന)
പകർപ്പ് – ബന്ധപ്പെട്ട സെക്രട്ടറിമാർക്ക് (മേയർ/ചെയർമാൻ മുഖേന)
ജോയിന്റ് ഡയറക്ടർ (ഭരണം), എ.എ, സൂപ്രണ്ട്, ഇ6 സെക്ഷൻ, കരുതൽ ഫയൽ

ആജ്ഞാനുസരണം / അയക്കുന്നത്,

സൂപ്രണ്ട്